**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2399 — 08.12.2015 ൽ മറുപടിക്ക്

## ഇ - ലേണിംഗ് കോഴ്സുകൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഇ-ലേണിംഗ് കോഴ്സുകൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അറിവ് പകർന്നു നല്കുന്നതിനും വകുപ്പുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സഹായിക്കുന്നതിനുമായി സംസ്ഥാന ഐ.ടി മിഷൻ വികസിപ്പിച്ചെടുത്ത പോർട്ടൽ ആണ് ഇ-ലേണിംഗ് കേരള. വിവിധ വിഷയങ്ങളിൽ അവബോധം വളർത്തുവാൻ ഓൺലൈൻ ആയി പഠിക്കാനുള്ള സൗകര്യം ഇതിലുണ്ട്. ഇ-സംഭരണം (ഇ-പ്രൊക്യുർമെന്റ്), ഇൻഫർമേഷൻ സെക്യൂരിറ്റി എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പാഠഭാഗങ്ങൾ ഈ പോർട്ടലിൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇ-ഗവേണൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട് ? | (ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, പൊതു ജനങ്ങൾക്ക് അറിയിപ്പുകൾ നല്കുന്നതിലേക്കായും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇ-പ്രൊക്യുർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.അഞ്ചു ലക്ഷം രൂപക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യുർമെന്റ് പദ്ധതി നിർബന്ധമാക്കിയതു വഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, ബോർഡുകളും ഇ-ഗവേണൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട് . |

Sajeevu

സെക്ഷൻ ഓഫീസർ